# Assumption High School Palampra




# e-ദളങ്ങൾ

# നമ്മുടെ സാരഥി



# Contents

| | |
|---|---|
| **Page 4** | **ആശംസ ഹെഡ്‌മാസ്റ്റർ** |
| **Page-5** | **ആശംസ SITC** |
| **Page-6** | **രാഷ്ട്രീയ ചുഴികൾ** |
| **Page-7** | **വിദ്യാലയം** |
| **Page-8** | **ആഭരണം** |
| **Page-9** | **പി. ഭാസ്കരൻ(1924-2007)** |
| **Page-10** | **Little Kites Activities 2019-20** |
| **Page-11** | **Digital Pookalam** |
| **Page-12** | **കറുത്ത കുത്ത്** |
| **Page-13** | **Ant and the grass hopper** |
| **Page-14** | **എന്റെ കേരളം** |
| **Page-15** | **സ്കൂൾ മുറ്റത്തൊരു പച്ചക്കറിത്തോട്ടം** |
| **Page-17** | **ചിതറിതെറിക്കുന്ന ചിന്ത** |
| **Page-18** | **ഇരുട്ടിൽ വന്ന പൊൻ തൂവൽ** |
| **Page-20** | **ENVIRONMENTAL POLLUTION** |
| **Page-22** | **ചെറുകഥ** |
| **Page-23** | **Mahtma Gandhi** |
| **Page-24** | **വിനോദയാത്ര** |
| **Page-25** | **School Activities 2019** |
| **Page-26** | **ഉപസംഹാരം** |

# ആശംസ

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അദ്ധ്യാപകന്റെയും വിദ്യാർഥിയുടെയും സജീവവും സമ്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ ഒരു വിദ്യാഭ്യാസപ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്.

കുട്ടികളുടെയും അദ്ധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ലിറ്റിൽ കൈറ്റ് യൂണിറ്റ് കഥകളും കവിതകളും ലേഖനങ്ങളുമായി തയാറാക്കിയ ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ

ഫാ. സെബാസ്റ്റ്യൻ മംഗലം

# ആശംസ

വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും ഫലപ്രദമായി ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കാൻ സഹായകമായ ഐ. ടി . കൂട്ടായ്മയാണല്ലോ ലിറ്റിൽ കൈറ്റ്സ് ഈ പദ്ധതിയിലൂടെ ഹൈടെക് സംവിധാനങ്ങളും ഉപകരണങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യാനും സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അവസരം നൽകി.

ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിന് ഈ ലിറ്റിൽ കൈറ്റ്സ് നിങ്ങളെ പ്രാപ്തരാക്കട്ടെ.ഇതിന്റെ ഭാഗമായ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.




ശ്രീമതി ഐസ്‌ലി ജോസഫ്
എസ്. ഐ. റ്റി. സി

# രാഷ്ട്രീയ ചുഴികൾ

ഇന്നിതാ നാട്ടുകൾ എല്ലാം
രാഷ്ട്രിയ കിണറുകളായി
ഉയർന്നുവരുന്ന തലമുറയിന്ന്
രാഷ്ട്രിയ ചുഴികളിലാണ്ടു
മകനെ ഓർത്ത് അമ്മ ഇന്ന്
കണ്ണീരും പ്രാർഥനയുമായി
അച്ഛനോ നെഞ്ചിൽ ആദി

കുഞ്ഞുനാൾ മുതൽ അമ്മ വളർത്തിയ
കഥ കേൾക്കാൻ മകന് നേരമില്ല
അച്ഛന്റെ കണ്ണീരൊപ്പാൻ
അവനിന്ന് നേരമില്ല

അറിയൂ നിങ്ങൾ
രാഷ്ട്രീയം ജീവിതമല്ല
രാഷ്ട്രീയം ഒന്നും നേടുകയില്ല
രാഷ്ട്രീയ ചുഴികളിലാണ്ട്
മരണത്തെ കൊണ്ടുവരല്ലേ

By
A B Archana

# വിദ്യാലയം

നാം ആർക്കും ഒരിക്കലും
മറക്കാൻ കഴിയില്ല നമ്മുടെ കലാലയം

പിച്ചവെച്ച് നാം എല്ലാവരും ആ വിദ്യാലയത്തിനു മുന്നിൽ കൈപിടിച്ച്
കോർത്ത് നടന്ന ആ കാലം......
വഴക്കില്ല പിണക്കമില്ല ഉറ്റകൂട്ടുകാരായി ഒരുമിച്ച് ചേർന്ന് നടന്നതും.....
പഠനത്തിലും മറ്റ് കലകളിലും
നാം ഒത്ത് ചേർന്ന് സൗഹൃദം പങ്കുവെച്ചതും

എത്ര എത്ര നാം കൊതിച്ചാലുംഒരിക്കലും തിരികെ കിട്ടാത്തൊരു
ജീവിതമാണ് വിദ്യാലയ ജീവിതം
കുരുന്നുകളായി നാം ആ വിദ്യാലയത്തിനു
മുന്നിൽ പാറി പ്പറന്ന് നടന്ന ആ കാലം....

എത്രത്തോളം നാം വളർന്നാലും നമ്മെ പഠിപ്പിച്ച അധ്യാപകരെയും
നമ്മെ വളർത്തിയ മാതാപിതാക്കളെയും
മറക്കുകയില്ല.............നാം ഓടിച്ചാടിനടന്ന ആ വിദ്യാലയത്തിൻ
രൂപം നാം ആരുടെയും മനസ്സിൽ നിന്നും മായുകയില്ല........

നമ്മുടെ ജീവിതത്തിൽ തണലായി
നിന്ന കൂട്ടുകാരെ മറക്കുകയില്ല
ഒരിക്കലും.........അറിവിന്റെ നിറകുടം പകർന്നുതന്ന
അധ്യാപകരുടെ മുഖം എത്രത്തോളം
വളർന്നാലും നമ്മുടെ മനസ്സിൽ
എന്നും മായാതെ ഒരു
തിരിനാളമായി കൂടെ ഉണ്ടായിരിക്കും.......

അറിവിന്റെ നിറവായി സ്നേഹത്തിൻ
നിറവായി എന്നെന്നും മായാതെ
വിദ്യാലയം................

by,
ANSIYA AZAD

# ആഭരണം

മറ്റുള്ളവരെ സ്നേഹിക്കുകയും പരിഹസിക്കുകയും തിരുത്തുകയും ചെയ്ത രസികനായിരുന്ന മുട്ടസ്സനമ്പൂരി.ഒരു ദിവസം അദ്ദേഹം ആറാട്ടുപുഴ പൂരം കാണാൻ പോയി.പൂരത്തിനു വരുന്നവർ എല്ലാം ശരീരത്തിൽ പരമാവധി ആഭരണങ്ങൾ അണിഞ്ഞാണ് എത്താറുള്ളത്.

കൈയില്ലാത്തവർ കടം വാങ്ങിയണിയും.ഇതായിരുന്നു പതിവ്.മുട്ടസ്സ നമ്പൂരി ഒരു പെട്ടിയും ചുമന്ന് പൂരസ്ഥലത്ത് ആൽത്തറയിൽ കയറി നിൽപ്പായി.തന്റെ തറവാട്ടുവക സ്വത്തിന്റെയെല്ലാം ആധാരം ആണ് ആ പെട്ടിയിൽ ഉണ്ടായിരുന്നത്.ആളുകൾക്ക് അത്ഭുതമായി. എന്താ തിരുമേനി പെട്ടിയേറ്റി നിൽക്കുന്നത്?അവർ അന്വേഷിച്ചു.ഓ! എന്റെ ആധാരപ്പെട്ടിയാണ് ഇത്. ഇത് തുറന്നു നോക്കിയാൽ എന്റെ വീട്ടിൽ എത്ര സ്വത്ത് ഉണ്ട് എന്ന് അറിയാം.അതിന് ഞങ്ങളാരും ഞങ്ങളുടെ സ്വത്ത് വെളിപ്പെടുത്തുന്നില്ലല്ലോ.

ആളുകൾ പറഞ്ഞു.ഇല്ലേ ,നിങ്ങളുടെ ശരീരത്തിലുള്ള ആഭരണങ്ങൾ നോക്കിയാലറിയാമല്ലോ അത്. ഞാനങ്ങനെ ആഭരണമണിഞ്ഞിട്ടില്ല.അതുകൊണ്ടാണ് ആധാരപ്പെട്ടിയേറ്റിയത്.

നമ്പൂരിയുടെ മറുപടി കേട്ട് ആളുകൾ തല താഴ്ത്തി.ഞങ്ങളുടെ ആഭരണഭ്രമം അവസാനിക്കേണ്ടതാണ് എന്ന് അവർക്ക് മനസ്സിലായി.

by,
MUHAMMED AMEEN


# പി. ഭാസ്കരൻ(1924-2007)

കവി, ഗാനരചയിതാവ്, ചലചിത്രകാരൻ, മാധ്യമപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു. ദീപിക പത്രാധിപൻ, ഏഷ്യനെറ്റിന്റെ ആദ്യ ചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പത്മശ്രീ,കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡ്,വയലാർ അവാർഡ്,ഓടക്കുഴൽ അവാർഡ്, കെ സി ഡാനിയേൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി. ഒറ്റക്കമ്പിയുള്ള തംബുരു, ഓർക്കുക വല്ലപ്പോഴും,വയലാർ ഗർജ്ജിക്കുന്നു, ഓടക്കുഴലും ലാത്തിയും,ഒരിക്കൽ കൂടി,കായൽക്കാറ്റ്, കർഷകഗാനം, മുൾക്കിരീടം, മുഖത്തോടുമുഖം എന്നിവയാണ് പ്രധാന കൃതികൾ

By,

MUHAMMED MUBEEN

# Little Kites Activities 2019-20











# Digital Pookalam









# കറുത്ത കുത്ത്

ക്ലാസ്സ് തുടങ്ങാനുള്ള മണി മുഴങ്ങി. അധ്യാപകൻ ക്ലാസ്സിലേക്ക് കയറി വന്നത് ഒരു കൂട്ടം പേപ്പറുകളുമായി. ഞങ്ങൾ ആകാംക്ഷാപൂർവ്വം കാത്തിരുന്നു.തന്റെ കൈയ്യിലിരുന്ന വെള്ളപേപ്പർ അധ്യാപകൻ ഓരോരുത്തർക്കും നൽകി.അധ്യാപകൻ ഒരു വിഷയം കാണിക്കും.ആ വിഷയത്തെക്കുറിച്ച് നിങ്ങൾ എഴുതണം.

വിഷയം എന്തെന്ന് അറിയുവാൻ ഞങ്ങൾക്ക് തിടുക്കമായി.ഒരു വെള്ളപേപ്പറിന്റെ നടുവിൽ ഒരു ചെറിയ കുത്ത്.എല്ലാവരും എഴുതിയിരിക്കുന്നത് കറുത്ത കുത്തിനെക്കുറിച്ച് മാത്രമാണ്.അതിനപ്പുറമുള്ള വിശാലമായ വെളുത്ത സ്ഥലത്തെപ്പറ്റി ആരും ചിന്തിച്ചുപോലുമില്ല.

അധ്യാപകൻ തുടർന്നു. ഇതുപോലെയാണ് നമ്മൾ ഓരോരുത്തരും.നമ്മുടെ ജീവിതത്തിലെ കുറവുകളെക്കുറിച്ച് മാത്രമാണ് നാം ചിന്തിക്കുക. നമുക്ക് ലഭിച്ചിരിക്കുന്ന സൗഭാഗ്യങ്ങളെപ്പറ്റി നാം ചിന്തിക്കാറ്പോലുമില്ല. നമുക്ക് ഉള്ളവയിൽ നാം തൃപ്തരാകുമ്പോൾ നമ്മുടെ ജീവിതം സന്തോഷമുള്ളതാവും

By,

**NIKILA THERESA**

# The ant and the grass hopper

**In a field one summer's day a grass hopper was chirping singing and hopping about for fun. An ant passed by carrying an ear of corn back to his nest...''why not come and chat with me,''said the grass hopper,''instead of doing all of that work ? I am helping to store up ford for the winter said the ant and suggest you do the same. Why bother about winter said the grass hopper .We have got plenty of food at the moment. The ant went on it's way and continued it's work. When the winter came the grass hopper had no food and was dying of hunger. The ant however, had plenty of food to last all through the winter from his hard work in the summer. Then the grass hopper knew.**

By,

**RISHANA SATHAR**

## കവിത

## എന്റെ കേരളം

വെള്ളിക്കരയിട്ട മരതക പട്ടുവട്ടി
മണ്ണിന്റെ മകുടമായി വിളങ്ങും
ലാവണ്യവതീ മനശ്ശാന്തിതരും
മമ ജന്മ നാടേ മനോഹരമായി

കളകളമെഴുകി സ്നിഗ്ദ
മടിത്തട്ട് കാണമാറഴകാർന്ന
തവികളുമതിരിൽ മേഘ മേലാപ്പ്
തൊട്ടുമുത്തുംഗ മേരുക്കളും

പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളരുലിഴപോലസഖ്യം
ശീതളമാമലത്തെറിയിളകും
കോമളനദികളുമീറൻ തടങ്ങളും

മഞ്ഞുപൊഴിയും വസന്ത
വിരിയുമായിരം പൂവാടികൾ
കളിർത്തെന്നലായാഞ്ഞു
ഉഷ്ണകാലത്തും നീലജാലശയങ്ങൾ

ഇളം കാറ്റിൽ വാറുമംഗന
തൽ ചേലവോലലലംകൃതം ചേലൊത്ത
നീലവർണ്ണമനോഹര തീര
ഞൊറിയും സാഗരം നീളെ

മണ്ണിൽ മാറ്റുക ഗന്ധം നുകരും
മക്കൾക്കാശ്രയമരുളും
മമനാടെ മനോഹരീ...... മനസ്സിൽ
നിൻ മുക്തസൗന്ദര്യം മുകരുന്നു ഞാൻ

by,

SAYANA SAJI

# സ്കൂൾ മുറ്റത്തൊരു പച്ചക്കറിത്തോട്ടം



## കുട്ടിക്കർഷകർ











## കവിത

# ചിതറിതെറിക്കുന്ന ചിന്ത

ചിതറിതെറിക്കുന്ന ചിന്ത-

കളിലെപ്പോഴും നീയെന്റെ പുഞ്ചിരിയൊന്നുമാത്രം

മഴവില്ല് പോലെ നീ മനസ്സിൽ തെളിയുമ്പോൾ

ഉണരുന്നു എന്നിലെ മോഹങ്ങളും

കൃഷ്ണത്തുളസി കതിർത്തുമ്പുമോഹിക്കു

നിന്റെയീ വാർമുടിച്ചുരുളിലെത്താൻ പൂജക്കെടുക്കാത്ത

പൂവായ് ഞാനും മോഹിച്ചിടുന്നു നിന്നരികിലെത്താൻ

മണമില്ല മധുവില്ല പൂജക്കെടുക്കില്ല താനേ വളർന്നൊരു കാട്ടു

പൂവാണു ഞാൻ വിടരും മുംബേ പൊഴിയുന്ന ഇതളുള്ള

പൂജക്കെടുക്കാത്ത കാട്ടുപൂവാണു ഞാൻ

ഇഷ്ടമാണെന്നു ചൊല്ലുവാൻ വേണ്ടി നിത്യവും നിൻമുൻപിലെത്തീടുമ്പോൾ

നിന്റെ കൊലുസ്സിന്റെ നാദങ്ങളിൽ ഞാൻ

താനേ മറന്നൊന്ന് നിന്നീടുന്നു

ഒന്നും പറയാതെ അറിയാതെ നിന്നീടുന്നു

by,

**SHERIN JOSEPH**

# ഇരുട്ടിൽ വന്ന പൊൻ ത്തുവൽ

പതിവുപോലെ അന്ന പ്രഭാതത്തിൽ പ്രാർത്ഥിച്ചുകൊണ്ട് മുറ്റത്തേയ്ക്ക് ഇറങ്ങി.പച്ച ഉടുപ്പിട്ട പ്രകൃതിയെയും മധുരമായ ഗാനങ്ങൾ ആലപ്പിക്കുന്ന കിളികളെയും അവൾ നിരീക്ഷിച്ചു.അന്ന കുട്ടിയായിരുന്നപ്പോൾ തന്നെ അച്ഛൻ മരിച്ചുപോയിരുന്നു.അവൾക്ക് രണ്ട് അനിയത്തികുട്ടികളുണ്ട്.അനുഗ്രഹയും ,അനുവും.അമ്മ പണിക്കുപോയി കൊണ്ടുവരുന്ന കാശുകൊണ്ട് വേണം എല്ലാം നടത്താൻ.ഓലമേഞ്ഞ മഴയത്ത് ചോർന്നൊലിക്കുന്ന വീട്ടിൽ ഒരു മൂലയിൽ അനാഥപ്രേതങ്ങളെ പോലെ അവർ നിലകൊള്ളുകയാണ്.അന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം സ്കൂളിൽ പോയിരുന്നില്ല.അമ്മ ജോലിക്കു പോകുമ്പോൾ അനിയത്തികുട്ടികളെ നോക്കേണ്ടത് അന്നയുടെ ജോലിയാണ്.പുതിയ ബാഗും കുടയുമായി സ്കൂളിലേയ്ക്ക് പോകുന്ന കുട്ടികളെ കാണുമ്പോൾ അന്നയുടെ കണ്ണുകളിൽനിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകും.അന്നയ്ക്ക് സ്കൂളിൽ പോകുവാൻ അതിയായ മോഹമാണ് മിക്കപ്പോഴും അവൾ പട്ടിണിയാണ് അമ്മയ്ക്ക് നാലു മണിയ്ക്ക് എന്തെങ്കിലും കിട്ടുകയാണെങ്കിൽ അത് വീട്ടിൽ കൊണ്ടുവരും.അത് അനിയത്തിക്കുട്ടികൾക്ക് അന്ന കൊടുക്കും

അന്നയ്ക്ക് അനിയത്തികുട്ടികളെ വളരെ ഇഷ്ടമാണ്.ഒരിക്കൽ അന്ന സാധനം വാങ്ങാൻ പീടികയിൽ പോയി.ക്ലാവ് പിടിച്ച ചില്ലറത്തുട്ടുകളാണ് അവളുടെ കയ്യിൽ.അത് താഴെ പോകാതെ അവൾ കൈയ്യിൽ പിടിച്ചുകൊണ്ട് ഓടി.അവൾ പീടികയിൽ കയറി സാധനം വാങ്ങിച്ചു.അവൾ ക്ലാവു പിടിച്ച പൈസാ കൊടുത്തപ്പോൾ പീടികക്കാരൻ അത് വലിച്ചെറിഞ്ഞു.സാധനവും വാങ്ങിച്ചുവച്ചു.എന്നിട്ട് പറഞ്ഞു.''സാധനമെല്ലാം വാങ്ങിച്ചിട്ട് ക്ലാവു പിടിച്ച ചില്ലറ തൊട്ടുകൾ തരുന്നു.കടം വാങ്ങിച്ച പൈസാ തിരിച്ചു തന്നിട്ട് ഇവിടെ നിന്ന് സാധനം വാങ്ങിച്ചാൽ മതി"അന്ന കരഞ്ഞുകൊണ്ട് വീട്ടിലേയ്ക്കു നടന്നു.ഇതെല്ലാം കണ്ടുകൊണ്ട് ഒരാൾ അവിടെ നിൽപ്പുണ്ടായിരുന്നു.അയാൾ അവളുടെ പേര് എന്താണെന്നു ചോദിച്ചു.അന്ന എന്നു പറഞ്ഞ് അവൾ ഓടിപ്പോയി.അയാൾ അന്ന കാണാതെ അവളെ നിരീക്ഷിച്ചുകൊണ്ടിരുന്നു.അവളുടെ വീട് കണ്ട് അയാൾ ആശ്ചര്യപ്പെട്ടുപോയി.ഒരു നിമിഷം അയാൾ മൂകനായി.പിറ്റേ ദിവസം അന്നയുടെ അമ്മ പണിയ്ക്ക് പോയതിനു ശേഷം അയാൾ ആ വീട്ടിൽ വന്നു.അന്നയ്ക്കു പേടിയായി.എന്നാൽ അയാൾ സ്നേഹത്തോടെ അന്നയോട് വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു.അന്ന ചോദിച്ചു പേര് എന്താണ് എന്ന്.അയാൾ പറഞ്ഞു ജോൺ. അയാൾ ഒന്നും മിണ്ടാതെ ഇറങ്ങിപ്പോയി.

അവൾ വൈകുന്നേരം അമ്മ പണികഴിഞ്ഞ് വന്നതിനുശേഷം എല്ലാം വിശദമായി പറഞ്ഞു.ആ സമയത്ത് അയാൾ വീണ്ടും വന്നു.അന്നേരം അയാളുടെ കയ്യിൽ കുറച്ച് കാശും കൂടി ഉണ്ടായിരുന്നു. അന്നേരം അയാൾ ആ കാശ് അവരുടെ കയ്യിൽ കൊടുത്തിട്ട് പറഞ്ഞു"അന്ന സ്കൂളിൽ പോകുന്നില്ലല്ലോ അവളെ സ്കൂളിലേയ്ക്ക് അയക്കണം.കാശ് വേണ്ടപ്പോൾ എന്നോട് പറഞ്ഞാൾ മതി.ഞാൻ തരാം"അന്നേരം അമ്മ ചോദിച്ചു എവിടെയാ വീട്?അയാൾ ഒന്നും മിണ്ടിയില്ല.തിരിഞ്ഞു നടന്നു.സന്തോഷത്താൽ അന്നയുടെ കണ്ണുകൾ നിറഞ്ഞു.അന്ന സ്കൂളിൽ പോകുവാനായി തുടങ്ങി.അന്ന ഒരു ദിവസം സ്കൂൾ വിട്ട് വരുന്ന വഴിയിൽ അയാൾ പാവപ്പെട്ടവർക്ക് ഭക്ഷണം കൊടുക്കുന്നത് അന്ന കണ്ടു.എന്നും ജോൺ അവരുടെ വീട്ടിൽ വന്ന് ഭക്ഷണവും വേണ്ട സാധനങ്ങളും നൽകും.അങ്ങനെ വർഷങ്ങൾ കടന്നുപോയി.മുന്നോട്ടുള്ള പഠനത്തെ ഓർത്ത് അന്ന വിഷമിച്ചു.ജോൺ അവളുടെ ആഗ്രഹം പോലെ ഡോക്ടർ പഠനത്തിന് പ്രവേശിപ്പിച്ചു.അപ്പോഴും അനന്നയുടെ മനസ്സിൽ എന്തിനാണ് ഇദ്ദേഹം ഞങ്ങളെ പോലുള്ളവരെ സഹായിക്കുന്നത്?ഇദ്ദേഹം ആരാണ്?ഡോക്ടർ പഠനം പൂർത്തിയാക്കിയതിനുശേഷം അന്നയ്ക്ക് ഒരു ആശുപത്രിയിൽ ജോലി ലഭിച്ചു.ജോൺ അവർക്ക് നല്ല വീട് പണിതുകൊടുത്തു.അന്നയുടെ അടുത്ത് അയാൾ വീണ്ടും വീണ്ടും വരുമായിരുന്നു.അന്ന പണിചെയ്ത് ഉണ്ടാക്കുന്ന കാശ് പാവപ്പെട്ടവരെ സഹായിക്കാനും സംരക്ഷിക്കാനും വേണ്ടി ഉപയോഗിച്ചു.അന്ന അയാളോട് ചോദിച്ചു.ഞങ്ങളെ ഇത്രയും നാളും കരുതി എന്നെ ഇത്രത്തോളം പഠിപ്പിച്ചതിന് അങ്ങയോട് ഞാൻ കടപ്പെട്ടിരിക്കുന്നു.എന്നാലും പാവപ്പെട്ടവരെ സഹായിക്കുന്ന അങ്ങ് ആരാണ്?അയാൾ പറഞ്ഞു.”സ്വർഗ്ഗത്തിൽ നിന്ന് പാവപ്പെട്ടവരെ സഹായിക്കുവാൻ വേണ്ടി അയച്ച മനുഷ്യപുത്രൻ

**By,**
**TEENA MOL DENNY**

# ENVIRONMENTAL POLLUTION

**What are the main causes of environmental pollution?**
Combustion of fossil fuels: The combustion of fossil fuels pollutes the air, the soil and the water with noxious gases such as $CO2$ and CO.
Agricultural waste: Fertilizers and pesticides used in agriculture are key **causes of environmental pollution**.




**5 Major Environmental Problems**

- Ozone Depletion, Greenhouse Effect and Global Warming: All the three physical phenomena are related to one another to a great extent. ...
- Desertification
- Deforestation
- Loss of Biodiversity
- Disposal of Wastes







**Help Protect the Earth**

1. Reduce, reuse, and recycle. Cut down on what you throw away.
2. Volunteer. Volunteer for cleanups in your community.
3. Educate.
4. Conserve water.
5. Choose sustainable.
6. Shop wisely.
7. Use long-lasting light bulbs.
8. Plant a tree.






**BY,**
**EDVIN MATHEW JIJO**


# ചെറുകഥ

ഒരിടത്ത് ദാമുവെന്നും സുമയെന്നും പെരുള്ള ദമ്പതിമാർ ജീവിച്ചിരുന്നു.ദാമു പശുക്കളെ വളർത്തി അതിന്റെ പാൽ വിറ്റും കുറച്ച് സ്ഥലമുള്ളതിൽ കൃഷിചെയ്യുന്നതുമാണ് കുടുംബം പുലർത്തിയിരുന്നത് കുറച്ച് നാളുകൾക്ക് ശേഷം അവർക്ക് രണ്ട് ഇരട്ടക്കുട്ടികൾ ജനിച്ചു.അവർ കുട്ടികൾക്ക് നികിൽ എന്നും അകിൽ എന്നുംപേര്നൽകി.അവർ പരസ്പരം സ്നേഹത്തിലും സൗഹാർദത്തിലും വളർന്നു.അവർ ഇടയ്ക്കിടെ വഴക്കിടുമായിരുന്നു ഒരു ദിവസം വഴക്ക് മൂത്തപോൾ അമ്മ പറഞ്ഞു അച്ഛന്റെ അടുത്തു പോയി എന്തെക്കിലും സഹായിച്ച്കൊടുക്ക്. നിങ്ങൾ ഇത്ര മുതിർന്നില്ലേ ഇനി കുറച്ച് ജോലികളിൽ അച്ഛനെ സഹായിച്ചാലെന്താ? അവർ ഒന്നും മിണ്ടിയില്ല.അങ്ങനെ ഉച്ചഭക്ഷണത്തിന്ശേഷം അവർ അച്ഛന്റെ  അടുത്തെത്തി അവർ അച്ഛനോട് പറഞ്ഞു അമ്മ ഞങ്ങളോടു പറഞ്ഞു അച്ഛനെ വന്ന് സഹായിക്കാൻ അതു കേട്ട ദമു പറഞ്ഞു അതുകൊള്ളാം ഏതായാലും വന്നതല്ലെ മരച്ചുവട്ടിൽ കുറച്ച് കല്ല് കൂട്ടിയിട്ടിട്ടുണ്ട് അത് കൊണ്ട് പോയികൈയ്യാലയുടെ അരികിലേക്ക് ചേർത്തിടൂ അവർ പണിചെയ്യാൻതുടങ്ങി. നികിൽ ഒരു കല്ല് വീതം കൊണ്ടിടാൻ തുടങ്ങി എന്നാൽ അകിൽ ചട്ടി നിറയെ കല്ല് എടുത്തു പക്ഷ അതു പെക്കാൻ അവന് സാധിച്ചില്ല എന്നിട്ടും അവൻ വീണ്ടും ശ്രമിച്ചു പകുതി പൊക്കിയപോൾ ഒരു കല്ല് അവന്റെ കാലിൽ വീട്ടു. അവന് നല്ലാ വേദനിച്ചു അവൻ അവടിരുന്ന് കരയുന്നത് കണ്ട് അച്ഛനും നികിലും ഓടിവന്നു എന്നിട്ട് അകിലിനേയും കൂട്ടി അകിലിനെ വീട്ടിൽ വിട്ടു.അന്ന് വൈകിട്ട് അച്ഛൻ അഞ്ചാറ് വിറകു ചേർത്ത് കെട്ടിയിട്ടു അകിലിനോടു ഒടിക്കാൻ പറഞ്ഞു അവൻ പലരീതിയിൽശ്രമിച്ചിട്ടും അത് ഒടിക്കാൻ സാധിച്ചില്ല അത് കഴിഞ്ഞ് അച്ഛൻ ഒരു വിറക്  നൽകി ഒടിക്കാൻ പറഞ്ഞപ്പോൾ എളുപ്പത്തിൽ അവൻ അത് ഒടിച്ചു. അച്ഛൻ ചോദിച്ചു ഇപ്പോൾ ചെയിതതിന്റെ ഗുണപാഠം നിനക്ക് മനസ്സിലായോ അവർ അച്ഛനോടു ചോദിച്ചു എന്താണച്ഛ അച്ഛൻ പറഞ്ഞു എന്തു കാര്യം ചെയിതാലും സമയമെടുത്ത് കഴിവിനനുസരിച്ചെ ചെയ്യാവൂ ഇതിനാണ് പയ്യെത്തിന്നാൽ പനയും തിന്നാമെന്ന് പറയുന്നത്

By
**AFNA NASAR**

# Mahatma Gandhi

Indian lawyer





Mohandas Karamchand Gandhi was an Indian lawyer, anti-colonial nationalist, and political ethicist, who employed nonviolent resistance to lead the successful campaign for India's independence from British Rule, and in turn inspire movements for civil rights and freedom across the world.

Born: 2 October 1869, Porbandar
Full name: Mohandas Karamchand Gandhi
Assassinated: 30 January 1948, New Delhi
Movement: Indian independence movement
Office: President of the Indian National Congress
Education: UCL Faculty Of Laws (1888–1891)

# Quotes

*Happiness is when what you think, what you say, and what you do are in harmony.*
*An eye for eye only ends up making the whole world blind.*
*Where there is love there is life*




**By,**
**ALSABITH NOWSHAD**

# വിനോദയാത്ര














# School Acticities









# ഉപസംഹാരം

**ഹൈടെക് സ്ക്കൂൾ പദ്ധതിയുടെ ഭാഗമായി**
**പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്ന കുട്ടികളുടെ**
**ഐ. ടി. കൂട്ടായ്മ.**
**ഈ  കൂട്ടായ്മയുടെ നേതൃത്വത്തിൽ നിർമ്മിച്ച**
**"e-ദളങ്ങൾ" എന്ന ഡിജിറ്റൽ മാഗസിൻ**
**ഏവർക്കുമായി സസന്തോഷം സമർപ്പിക്കുന്നു**

**കൈറ്റ് മാസ്റ്റേഴ്സ്**

**ശ്രീമതി- സൗമ്യ തോമസ്**

**ശ്രീമതി-മരിയമോൾ കുര്യൻ**

